സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിന് യാതൊരു അധിക ബാദ്ധ്യതയും ഉണ്ടാകാതിരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Tax GSDP (Gross State Domestic Product)അനുപാതവും Non-tax GSDP അനുപാതവും മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ഇടക്കാല സാമ്പത്തിക പരിഷ്കരണ നടപടികളുടെ ഉദ്ദേശിച്ച ഫലം ലഭിച്ചു വരുന്നു.

(ജി) ഇടക്കാല സാമ്പത്തിക പരിഷ്കരണ പദ്ധതി നടപ്പിലാക്കിയപ്പോൾ 2000-2001, 2001-2002 എന്നീ രണ്ടു വർഷം കൊണ്ട് റവന്യൂ കമ്മി 1999-2000 വർഷത്തെ 45%-ൽ നിന്നും 28% ആയി കുറഞ്ഞിട്ടുണ്ട്. എന്നാൽ 2002-2003-ൽ ഈ തോതിലുള്ള നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല.

എം. ജി. പി. പദ്ധതി

6 [1013] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. പി.-ക്കു വേണ്ടി കഴിഞ്ഞ വർഷം എത്ര തുകയാണ് സർക്കാർ നീക്കി വച്ചത്;

(ബി) എം. ജി. പി. ഇതേവരെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(സി) എം. ജി. പി. പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എന്തെല്ലാം മാറ്റങ്ങൾക്ക് തുടക്കമിടുന്നതിനോ നടപ്പാക്കുന്നതിനോ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി 492,35,00,000 രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്.

(ബി) 26-11-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 345/03/പൊ. ഭ.വ. പ്രകാരം സർക്കാർ നവീകരണ പരിപാടിക്ക് വേണ്ടിയുള്ള വിശദമായ പ്രവർത്തന പദ്ധതി അംഗീകരിച്ച ശേഷം നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. ജനങ്ങളുമായി ആശയവിനിമയം നടത്താൻ തിരുവനന്തപുരം സിറ്റി പോലീസിനുവേണ്ടി ഏർപ്പെടുത്തിയ ജാലിക (website) ആണ് പൂർത്തിയായ ഒരു പദ്ധതി. ഇതിന് 15 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടാതെ സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനായി സെക്രട്ടേറിയറ്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഉദ്യോഗസ്ഥർക്കായി നടത്തിയ പരിശീലനങ്ങൾ, പദ്ധതി രൂപീകരണത്തിനായുള്ള ശില്പശാലകൾ എന്നിവയ്ക്കായി 1,39,42,268 രൂപയും പദ്ധതി നിരീക്ഷിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

വിശകലനം ചെയ്യുന്നതിനും പദ്ധതിയുടെ വേഗതയിലുള്ള നിർവ്വഹണം സാധ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് വിവരങ്ങൾ കൈമാറുന്നതിനും വേണ്ടി ജാലികയിൽ അധിഷ്ഠിതമായ (web based) പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം രൂപകൽപ്പന ചെയ്യുന്നതിന് 8,15,880 രൂപയും ചെലവായിട്ടുണ്ട്. ഈ വർഷം ചെലവാകാതെ വരുന്ന തുക കൂടി അടുത്ത ബജറ്റിൽ വക കൊള്ളിക്കുന്നതാണ്.

(സി) സർക്കാർ നവീകരണ പദ്ധതിയുടെ നിർവ്വഹണത്തിന് ബന്ധപ്പെട്ട വകുപ്പുകൾ തുടക്കം കുറിച്ചിട്ടേയുള്ളൂ. അതിനാൽ നിർവ്വഹണം വിലയിരുത്താറായിട്ടില്ല. വ്യാപകമായ ചർച്ചകളിലൂടെയുള്ള പദ്ധതി രൂപീകരണം തന്നെ ഒരു മാറ്റത്തിന്റെ തുടക്കമാണ്. പദ്ധതി രൂപീകരണത്തിനായി നടത്തിയ ശില്പശാലകൾ കൂട്ടായ ചർച്ചകളിലൂടെ ഫലപ്രദമായ ആസൂത്രണത്തിൽ ഉദ്യോഗസ്ഥർക്കുള്ള പ്രായോഗിക പരിശീലന വേദികൾ കൂടിയായിരുന്നു. ഇതുകൂടാതെ പൊതുജനത്തിനും പോലീസിനും പരസ്പരം ആശയവിനിമയത്തിനായി ഏർപ്പെടുത്തിയ ജാലിക പൂർത്തിയായ ഒരു പദ്ധതിയാണ്. വിലാസം: www.tvmcitypolice.org

എ. ഡി. ബി.-യുമായുള്ള എഗ്രിമെന്റ് വ്യവസ്ഥ

7 [1014] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി.-യിൽ നിന്ന് വായ്പ വാങ്ങുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തെല്ലാം നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയുണ്ടായി;

(ബി) ഏറ്റവും ഒടുവിലത്തെ എ. ഡി. ബി.-യുമായുള്ള എഗ്രിമെന്റുകൾ ഒപ്പുവച്ചത് ഏത് തീയതിയിൽ എവിടെ വച്ചായിരുന്നു;

(സി) ഏറ്റവും ഒടുവിൽ എന്തെല്ലാം എഗ്രിമെന്റുകളിലാണ് സംസ്ഥാനത്തിന് വേണ്ടി ഒപ്പുവച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) എ. ഡി. ബി.-യുമായി വച്ച എഗ്രിമെന്റുകളിലെ വ്യവസ്ഥ പ്രകാരമുള്ള നിബന്ധനകളിൽ സംസ്ഥാന ഗവൺമെന്റ് ഇതിനകം എന്തെല്ലാം സംഗതികൾ നടപ്പിൽ വരുത്തുകയുണ്ടായി;

(ഇ) ഏതെങ്കിലും നിബന്ധന സംസ്ഥാന ഗവൺമെന്റ് ലംഘിച്ചതായി എ. ഡി. ബി. അധികൃതർ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള സർക്കാരും എ. ഡി. ബി.-യുമായി ഒപ്പുവച്ച എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) 2002 നവംബർ 16-ാം തീയതി മനിലയിൽ വച്ചായിരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly